LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ ജില്ലാ കളക്ടർമാരുമായും, വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

**പട്ടികവർഗ്ഗ വികസന വകുപ്പിന് ജില്ലാതല ഓഫീസ്**

**206(2198)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി ഒരു ഓഫീസില്ലെന്നും ആയത് ഇപ്പോൾ ഗ്രാമവികസന വകുപ്പിനു കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പിനുവേണ്ടി ബഡ്ജറ്റ് തയ്യാറാക്കുന്നതുപോലും ഗ്രാമവികസന വകുപ്പിലെ ITDP ഉദ്യോഗസ്ഥരാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോഴും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശിശുക്കൾ മരണപ്പെട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ വകുപ്പിനു സ്വന്തമായി ഒരു ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

**ആദിവാസികൾക്കുള്ള ഭൂമി വിതരണം**

**207(2199)** ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം ചെയ്യുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിക്കുവേണ്ടി എത്ര ആദിവാസികളിൽനിന്ന് അപേക്ഷ ലഭിച്ചു ; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി ; എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തീർപ്പാക്കിയ അപേക്ഷകൾ പ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിന് വിവിധ പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 3135 അപേക്ഷകൾ ലഭിക്കുകയും 563 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു. ഇതിൽ 441 പേർക്ക് ഭൂമി വാങ്ങി നൽകി. ഇനിയും 2572 അപേക്ഷകൾകൂടി തീർപ്പാക്കാനുണ്ട്.

(സി) 563 അപേക്ഷകൾ തീർപ്പാക്കി അർഹരായ 441 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 122 അപേക്ഷ മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്തതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി.

**പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി**

**208(2200)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത വർക്ക് സ്റ്റഡി നടപ്പിലാക്കിയിട്ടുണ്ടോ ; എന്നാണ് പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ; ആയത് നടപ്പിലാക്കുവാൻ കാലതാമസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് സർക്കാരിലെ പി & എ.ആർ.ഡി. മുഖേന വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ വർദ്ധിച്ചുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly